**കേരള സർക്കാർ**

നം. 824/ഡിസി1/2016/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി സി)വകുപ്പ്,
തിരുവനന്തപുരം, തീയതി : 27.11.2016.

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും.

സർ,

വിഷയം:- ത.സ്വ.ഭ.വ – ഹരിത കേരളം മിഷൻ - ആദ്യഘട്ടപ്രവർത്തനങ്ങൾ - സംബന്ധിച്ച്.

സൂചന:- 1 28.09.2016 ലെ സ.ഉ. (പി) നമ്പർ 41/2016/ആ.സാ.വ.
2. സർക്കുലർ നമ്പർ 1034810/ഡി1/2016/ആ.സാ.വ. തീയതി 25.11.2016.
3. സ.ഉ. (സാധാ) നമ്പർ 3233/2016/ത.സ്വ.ഭ.വ. തീയതി 27.11.2016.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഹരിതകേരളം മിഷൻ ക്യാമ്പയിന്റെ ആദ്യഘട്ടപ്രവർത്തനങ്ങൾക്ക് 2016 ഡിസംബർ 8-ാം തീയതി തുടക്കം കുറിക്കുകയാണ്. ഇതിലേയ്ക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ മാസം തന്നെ ഒരു പ്രത്യേക ഭരണ സമിതി യോഗം ചേരുകയും തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനതല മിഷന്റെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിച്ച് ചേർത്ത് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനായി വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാനും താൽപര്യപ്പെടുന്നു. പ്രസ്തുത യോഗത്തിൽ ഓരോ തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തും ഏറ്റെടുക്കാൻ കഴിയുന്ന ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതും പ്രമുഖരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ്. ഡിസംബർ 8-ാം തീയതിയിലെ പരിപാടിയുടെ വിജയകരമായ നടത്തിപ്പും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിനായി ഡിസംബർ 5, 6 തീയതികളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തല സംഘാടനവും ഭരണസമിതി തല അവലോകനവും നടത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.,
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പകർപ്പ് - എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.